LIBRARY ARCHIVES Kerala Legislative Assembly

**സൈനികൻ ശ്രീ. കെ. വി. പ്രദീപന്റെ വിധവയുടെ നിവേദനം**

53 (1792) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനത്തിലിരിക്കെ മരണമടഞ്ഞ സൈനികൻ ശ്രീ. കെ. വി. പ്രദീപന്റെ വിധവയ്ക്ക് സർക്കാർ സർവ്വീസിൽ തൊഴിൽ നൽകണമെന്നും സൈനിക ക്ഷേമനിധിയിൽ നിന്നും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകണമെന്നും ആവശ്യപ്പെട്ടുള്ള നിവേദനം എപ്പോഴാണ് ഗവൺമെന്റിനു സമർപ്പിച്ചത്;

(ബി) ഇതുസംബന്ധിച്ച് പൊതുഭരണ വകുപ്പിലെ No. 6693/SW3/12/GAD ഫയലിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) മരണമടഞ്ഞ സൈനികന്റെ വിധവയ്ക്ക് സമാശ്വാസ തൊഴിൽ നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ഡി) സൈനിക സേവനത്തിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുവാനും സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടാവശ്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിവേദനം 23-1-2012-ൽ സർക്കാരിൽ ലഭിച്ചു.

(ബി) ഈ നിവേദനം തുടക്കത്തിൽ കൈകാര്യം ചെയ്തിരുന്നത് 6693/SW3/12/GAD എന്ന ഫയലിലാണ്. എന്നാൽ, ആശ്രിതനിയമനം, ആനുകൂല്യങ്ങൾ നൽകൽ എന്നീ വിഷയങ്ങൾ പിന്നീട് രണ്ട് വ്യത്യസ്ത ഫയലുകളാക്കി മാറ്റി. അതിനാൽ ഇപ്പോൾ ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് 25320/SW2/15/GAD, 41906/SW3/15/GAD എന്നീ ഫയലുകളിലാണ്.

(സി) ശ്രീ. കെ. വി. പ്രദീപിന്റെ വിധവയ്ക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രൈമറി സ്കൂൾ ടീച്ചറായി (ഹിന്ദി) നിയമനം നൽകാൻ തീരുമാനമെടുക്കുകയും, അതിനായി ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) സൈനിക സേവനത്തിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ആനുകൂല്യം നൽകുന്ന വിഷയം സർക്കാർ അതീവ പ്രാധാന്യത്തോടെയും കഴിയുന്നത്ര വേഗത്തിലുമാണ് കൈകാര്യം ചെയ്യുന്നത്.